പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1194 **15-10-2026-ൽ മറുപടിയ്ക്ക്**

കഴക്കൂട്ടം സൈനിക സ്കൂളിലെ കുടിശ്ശിക അനുവദിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) കഴക്കൂട്ടം സൈനിക സ്കൂൾ ജീവനക്കാർക്ക് പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ, എൻ.പി.എസ്. തൊഴിലുടമ വിഹിതം എന്നിവ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം (എം. ഒ. എ.) നിലവിലുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. 23.02.2023-ൽ കഴക്കൂട്ടം സൈനിക സ്കൂൾ ജീവനക്കാർക്ക് പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ, എൻ.പി.എസ്. തൊഴിലുടമ വിഹിതം എന്നിവ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം (എം. ഒ. എ.) നിലവിലുണ്ട്.

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ 2026-27 വരെയുള്ള കാലയളവിൽ സൈനിക സ്കൂൾ അധികൃതർ ആവശ്യപ്പെട്ട തുകയും സംസ്ഥാന സർക്കാർ ഇതുവരെ അനുവദിച്ച തുകയും ഇനി നൽകാനുള്ള കുടിശ്ശിക തുകയും എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

മറുപടി: 2021-22 സാമ്പത്തിക വർഷം മുതൽ 2026-27 വരെയുള്ള കാലയളവിൽ ആവശ്യപ്പെട്ട തുകയുടെയും അനുവദിച്ച തുകയുടെയും, കുടിശ്ശിക തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത ധാരണാപത്രം പ്രകാരം ആകെ കണക്കാക്കിയ ₹28,34,86,979/- ൽ സംസ്ഥാന സർക്കാർ ഇതുവരെ നൽകിയ ₹13,00,00,000/- കഴിച്ച്, ബാക്കി നിലവിൽ നൽകാനുള്ള ₹15,34,86,979/- ലഭിക്കാത്തതു മൂലം സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സൈനിക സ്കൂൾ പ്രിൻസിപ്പൽ നൽകുന്ന കത്തുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പെൻഷൻ അടക്കമുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്കൂൾ ആവശ്യപ്പെട്ടിട്ടുള്ള കുടിശ്ശിക അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; തുക എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

മറുപടി: ഉണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

Sl. No.	F Y	Amount Projected by the School	Amount Released by the State Govt.	Amount Adjusted/ Utilised & Balance Amount Due to be Released by State Govt.
A	2021-2022	₹ 4,77,35,718/- (Actual Expenditure)	NIL	NIL
B	2022-2023 (Arrears)	₹ 4,53,02,940/- (Actual Expenditure)	₹ 3,00,00,000/- (In Mar 2023)	₹ 3,00,00,000 (Part of FY 21-22)
C	2023-2024 (Arrears)	₹ 4,52,73,085/- (Actual Expenditure)	NIL	NIL
D	2024-2025 (Arrears)	₹ 4,94,27,607/- (Actual Expenditure)	₹ 5,00,00,000/- (In Nov 2024)	₹ 1,77,35,718/- (Bal of FY 21-22) + ₹3,22,64,282/- (Part of FY 22-23)
E	2025-2026 (Arrears)	₹ 4,57,47,629/- (Actual Expenditure)	₹ 5,00,00,000/- (In Aug 2025)	₹ 1,30,38,658/- (Bal of FY 22-23) + ₹3,69,61,342/- (Part of FY 23-24)
F	2026-2027 (Current Year)	₹ 5,00,00,000/- (Estimated)	NIL	NIL
ആകെ		₹ 28,34,86,979/-	₹ 13,00,00,000/-	₹ 15,34,86,979/-